രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാറുണ്ട്. വിദ്യാഭ്യാസ ഡയറക്ടറുടെ അധികാര പരിധിയിൽപ്പെട്ട ഓഫീസുകളിൽ നിന്നും ലഭിക്കുന്ന കത്തുകളെ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താറില്ല. ആ കത്തുകളുടെ വിവരങ്ങൾ ഓരോ സെക്ഷനിലും രേഖപ്പെടുത്തുന്നുണ്ട്.

സംസ്ഥാനത്ത് പുതുതായി സ്കൂൾ

17 (1221) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി സ്കൂൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) അങ്ങനെ പരിഗണിക്കുമ്പോൾ പിന്നോക്ക പ്രദേശങ്ങൾക്കും പട്ടികജാതി/പട്ടികവർഗ്ഗ പ്രദേശങ്ങൾക്കും പ്രത്യേക പരിഗണന നൽകാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഏരിയാ നോട്ടിഫിക്കേഷൻ നടത്തിയ 13 സ്കൂളുകളും പ്രീ-ഡിഗ്രി വേർപ്പെടുത്തലിന്റെ ഭാഗമായി ആരംഭിക്കുന്ന ഹയർ സെക്കന്ററി വിഭാഗവും അല്ലാതെ പുതിയ സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശമില്ല.

(ബി) ബാധകമല്ല.

(സി) സ്കൂൾ അനുവദിക്കുമ്പോൾ പിന്നോക്കപ്രദേശങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ പ്രദേശങ്ങളും പരിഗണിക്കാറുണ്ട്.

എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിന് കാലതാമസം

18 (1223) ശ്രീ. എം. ദാസൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാഭവനിൽ എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ ;

(ബി) രണ്ടു വർഷം കഴിഞ്ഞിട്ട് ഡ്യൂപ്ലിക്കേറ്റ് പുസ്തകം വിതരണം ചെയ്യാത്ത എത്ര അപേക്ഷകരുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇത്തരം അപേക്ഷകളിൽമേൽ തീർപ്പാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 20-2-2000 വരെ 9148 അപേക്ഷകൾ ബാക്കിയുണ്ട്.

(ബി) 3564.

LIBRARY ARCHIVES Kerala Legislative Assembly